## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3986 15.03.2017-ൽ മറുപടിക്ക്

## ടൂറിസം മേഖലയിൽ തൊഴിലവസരങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ ടൂറിസം മേഖലയിൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ഈ ഗവൺമെന്റ് തയ്യാറാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | എ) കേരളത്തിലെ വിനോദസഞ്ചാര മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, പരിസ്ഥിതി സൗഹാർദ്ദ സൗകര്യങ്ങൾ വികസിപ്പിക്കുക, സമഗ്ര മാലിന്യ നിർമ്മാർജ്ജന മാനേജ്മെന്റ് നടപ്പാക്കുക, അവയോടൊപ്പം കേരളത്തിലെ ടൂറിസ്റ്റ് സാധ്യതകളെ കാണിച്ച് വിവിധ രാജ്യങ്ങളിൽ റോഡ്ഷോകൾ, ട്രേഡ് ഫെയറുകൾ മുതലായവ സംഘടിപ്പിക്കുക, ഇവയ്ക്കെല്ലാം വേണ്ടത്ര പ്രചരണം നൽകുക എന്നിവ വഴി കൂടുതൽ വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുകയും അങ്ങനെ തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ച് അതിലൂടെ സംസ്ഥാനത്തിന്റെ വരുമാനവും തൊഴിൽ അവസരങ്ങളും വർദ്ധിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അടുത്ത 5 വർഷം കൊണ്ട് വിദേശ ടൂറിസ്റ്റുകളുടെ എണ്ണം ഇരട്ടിയാക്കുന്നതിനും ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം 50% വർദ്ധിപ്പിക്കുന്നതിനും 4 ലക്ഷം തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. |

സാമൂഹികവും പാരിസ്ഥിതികവുമായ ഘടകങ്ങൾക്ക് വിഘാതം വരാതെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന സമഗ്ര ടൂറിസം പദ്ധതിയാണ് വിനോദസഞ്ചാര വകുപ്പ് ലക്ഷ്യമിടുന്നത്. ഇതിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

1. യുവാക്കൾക്ക്, പ്രത്യേകിച്ചും ഗ്രാമീണമേഖലയിലെ യുവാക്കൾക്ക് തൊഴിലധിഷ്ഠിത കഴിവുകൾ ഉണ്ടാക്കുന്നതിനുതകുന്ന അനുഭവാധിഷ്ഠിതമായ ടൂറിസം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കും.

2. സാധാരണ ജനങ്ങൾക്ക് ഗുണകരമാകുന്ന വിധത്തിൽ ഉത്തരവാദിത്ത വിനോദസഞ്ചാര പദ്ധതി വികസിപ്പിക്കുക വഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നു.

ബി) ടൂറിസം മേഖലയിലെ തൊഴിലവസരങ്ങൾ സംബന്ധിച്ച് ഒരു പഠനം നടത്തുന്നതിന് തയ്യാറാകുമോ;

സി) ഈ മേഖലയിൽ ഏതെല്ലാം തൊഴിലവസരങ്ങളാണ് നിലവിൽ ഉള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ബി) യും സി) യും

വിനോദ സഞ്ചാര വ്യവസായത്തിന് സംസ്ഥാന സമ്പദ് രംഗത്തുള്ള പങ്ക് വിലയിരുത്തുന്നതിനു വേണ്ടി ഒരു പഠനം ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ മുഖേന നടത്തിയിട്ടുണ്ട്. അവരുടെ ഡ്രാഫ്റ്റ് റിപ്പോർട്ട് അനുസരിച്ച് കൃഷി, കച്ചവടം, പ്രോസസ്സ് ചെയ്ത ആഹാര പദാർത്ഥങ്ങൾ, റെഡിമെയ്ഡ് വസ്ത്രങ്ങൾ, അച്ചടിയും പ്രസിദ്ധീകരണവും, കര ജല വ്യോമ സഞ്ചാര മേഖലകൾ, ഹോട്ടലുകൾ, ആരോഗ്യം തുടങ്ങിയ മേഖലകളിൽ ടൂറിസവുമായി ബന്ധപ്പെട്ട തൊഴിലുകൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ